# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1364 | 03.12.2015-ൽ മറുപടിക്ക് |

## ഭൂമിയുടെ ന്യായവില വർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഭൂമിയുടെ ന്യായവില വർദ്ധന മൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 01.04.2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 50% വർദ്ധനവ് 14.11.2014 ലെ G.O(P) 188/14/TD നമ്പർ വിജ്ഞാപനം മുഖേന 17.11.2014-ൽ നിലവിൽ വന്നു. വർദ്ധനവ് നിലവിൽ വന്നിട്ട് ഒരു വർഷം കഴിയുകയും പൗരസമൂഹം അത് പൊതുവിൽ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഒറ്റപ്പെട്ട പരാതികൾ ഉണ്ടെങ്കിലും, വർദ്ധനവ് മൂലം ഇപ്പോൾ വലിയ പ്രയാസങ്ങൾ നിലവിലില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. |
| ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനും ഭാഗപത്രത്തിനും ഉണ്ടായിട്ടുള്ള നികുതി വർദ്ധന പുനപരിശോധിക്കുമോ;<br><br>സി) നികുതി വർദ്ധന പിൻവലിക്കുവാനും ഒരു ഏക്കർവരെയുള്ള ഭാഗപത്രത്തിന് പഴയ രീതി നിലനിർത്തുവാനും നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | 2011-ലെ ഫിനാൻസ് ആക്ടിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000/- രൂപയാക്കി കുറയ്ക്കുകയും ദാനം, ധനനിശ്ചയം എന്നിവയ്ക്ക് 2% എന്നതിനു വിധേയമായി പരമാവധി 1000/- രൂപയാക്കുകയും ചെയ്തിരുന്നു. 08.10.2014-ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ പരിധി 1000/- രൂപ എന്നത് പിൻവലിച്ച് ഉത്തരവായെങ്കിലും 01.01.2015-ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ പ്രസ്തുത ആശ്വാസ നടപടി പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പരമാവധി ആശ്വാസകരമായ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കാണ് കുടുംബാംഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളത് എന്നതിനാൽ പുനഃപരിശോധന പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**